بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**06-02-2026**

# നബിതിരുമേനി(സ)യുടെ ദൈവാനുരക്തി

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) അരുളി:

റസൂൽ കരീം (സ) നമുക്ക് ഉത്തമ മാതൃകയാണെന്നും എല്ലാ കാര്യങ്ങളിലുംഅവിടുന്ന് നമുക്ക് മാതൃകയാണെന്നും അല്ലാഹു നമ്മോട് അരുളിയിരിക്കുന്നു. കഴിഞ്ഞ ഖുതുബകളിൽ ഈ വിഷയകമായി അവിടുത്തെ ദൈവസ്നേഹത്തെക്കുറിച്ചാണ് പരാമർശിച്ചിരുന്നത്. ദൈവസ്നേഹമില്ലാതെ യഥാർത്ഥ ആരാധനയില്ല, ആരാധനയില്ലാതെ ദൈവസ്നേഹവുമില്ല. അല്ലാഹുവോട് സ്നേഹമില്ലെങ്കിൽ യഥാർത്ഥമായ ആരാധന ഒരിക്കലും സാധ്യമാകില്ല. ഇന്ന് ഈ വിഷയകമായി ഞാൻ വിവരിക്കുന്നതാണ്.

നബിതിരുമേനി(സ)യുടെ ദിവ്യാനുരാഗനിലവാരത്തെ സംബന്ധിച്ച് അല്ലാഹു അരുളുന്നു: ***ഖുൽ ഇന്ന സ്വലാത്തീ വ നുസുകീ വ മഹ്‌യായാ വ മമാതീ ലില്ലാഹി റബ്ബിൽ ആലമീൻ*** (പറയുക: തീർച്ചയായും എന്റെ ആരാധനയും എന്റെ ബലിയും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. - സൂറഃ അൽ-അൻആം: 163).

ഇങ്ങനെ പ്രഖ്യാപനം നടത്താൻ തിരുമേനിയോട് കല്പിക്കുക വഴി പ്രസ്തുത നിലവാരം കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധതിരിക്കണമെന്ന് അല്ലാഹു നമ്മോട് നിർദേശിക്കുന്നു. ഖുർആനിൽ കൽപ്പനകൾ ആരാധനയെക്കുറിച്ച് നബിതിരുമേനി(സ) മുഖേന അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. ഒരിടത്ത് അല്ലാഹു പറയുന്നു: ***വ മാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** (ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. - സൂറഃ അദ്ദാരിയാത്ത്: 57).

മറ്റൊരിടത്ത് അല്ലാഹു പറയുന്നു: ***യാ അയ്യുഹാന്നാസുഅ്ബുദൂ റബ്ബക്കുമുള്ളദീ ഖലഖക്കും വല്ലദീന മിൻ ഖബ്‌ലികും ലഅല്ലക്കും തത്തഖൂൻ***

ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുക; നിങ്ങൾ തഖ്‌വ ഉള്ളവരായി മാറാൻ വേണ്ടി.

ആകയാൽ, അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാനും തഖ്‌വ കൈവരിക്കാനും അല്ലാഹുവിനെ ആരാധിക്കേണ്ടതും ആരാധനയുടെ നിലവാരം ഉയർത്തേണ്ടതും അനിവാര്യമാണ്. .ഹുസൂർ തിരുമനസ്സ് പറയുന്നു: നബി(സ)

(സ)ഈ കൽപ്പനകൾ നമുക്ക് നൽകിയപ്പോൾ സ്വന്തം പ്രവൃത്തിയിലൂടെ അതിന്റെ അത്യുന്നത മാതൃക കാണിച്ചുതരികയും ചെയ്തു. ഈ നിലവാരത്തിലേക്ക് നിങ്ങൾ സ്വയം വന്നു ചേരുമ്പാൾ മാത്രമേ അനുസരണയും അനുധാവനയും യഥാർഥ നിലയിൽ പൂർത്തിയാവുകയുള്ളൂ എന്നു ഉദ്ബോധിപ്പിച്ചു. നബിതിരുമേനി(സ)യുടെ മാതൃകയും കൽപ്പനകളും മുൻനിർത്തി നാം പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ മാത്രമേ അവിടുന്ന് തന്റെ ഉമ്മത്തിനു വേണ്ടി ചെയ്ത പ്രാർത്ഥനകൾ നമ്മിലേക്ക് എത്തുകയും നമുക്ക് പ്രയോജനപ്പെടുകയുമുള്ളൂ.

ചില ഉദാഹരണങ്ങൾ പറയാം. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: ഒരിക്കൽ നബി (സ) ചിത്രത്തുന്നലുകളുള്ള ഒരു വിരിപ്പിൽ നമസ്കരിച്ചു. ആ ചിത്രങ്ങളിൽ ഒരുവേള തന്റെ ദൃഷ്ടി പതിഞ്ഞപ്പോൾ നമസ്കാരം കഴിഞ്ഞയുടനെ അവിടുന്ന് പറഞ്ഞു: ഈ വിരിപ്പ് അബൂജഹ്മിന്റെ അടുത്തേക്ക് കൊണ്ടു പോകുക, പകരം ചിത്രങ്ങളില്ലാത്ത അദ്ദേഹത്തിന്റെ സാദാ വിരിപ്പ് കൊണ്ടുവരുക. എന്തെന്നാൽ അതെന്നെ ഇപ്പോൾ നമസ്കാരത്തിൽ നിന്ന് ശ്രദ്ധ തിരിച്ചിരിക്കുന്നു.

ഹദ്റത്ത് ജാഫർ ബിൻ മുഹമ്മദ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: ഞങ്ങൾ ഹദ്റത്ത് ആയിശ (റ) യോട് ചോദിച്ചു: വീട്ടിൽ റസൂൽ (സ)യുടെ കിടക്ക എങ്ങനെയുള്ളതായിരുന്നു? അവർ പറഞ്ഞു: അത് ഈന്തപ്പനയുടെ നാരുകൾ നിറച്ച തോൽ കൊണ്ടുള്ളതായിരുന്നു. ഹദ്റത്ത് ഹഫ്സ (റ) യോട് ചോദിച്ചു: വീട്ടിൽ റസൂൽ (സ)യുടെ കിടക്ക എങ്ങനെയുള്ളതായിരുന്നു? അവർ പറഞ്ഞു: അതൊരു രോമവിരിപ്പായിരുന്നു. അല്പം മൃദുവായിത്തീരാൻ ഞാൻ അത് രണ്ടായി മടക്കി വിരിക്കുമായിരുന്നു. അങ്ങനെ ഒരിക്കൽ ഞങ്ങൾ അത് നാലായി മടക്കി വിരിച്ചു. പ്രഭാതമായപ്പോൾ അവിടുന്ന് ചോദിച്ചു: രാത്രി നിങ്ങൾ എനിക്കായി എന്താണ് വിരിച്ചത്? ഞാൻ പറഞ്ഞു: അങ്ങയുടെ കിടക്ക തന്നെയായിരുന്നു അത്, കൂടുതൽ സുഖകരമാകാൻ ഞങ്ങൾ അത് നാലായി മടക്കി വിരിച്ചുവെന്ന് മാത്രം. അവിടുന്ന് അരുളി: അതിനെ പഴയതുപോലെ തന്നെ ആക്കുക, കാരണം അതിന്റെ അമിതമായ മാർദവം രാത്രിയിലെ നമസ്കാരത്തിന് എനിക്ക് തടസ്സമാവുകയായിരുന്നു.

ഹദ്റത്ത് മുആദ് ബിൻ ജബൽ (റ) വിവരിക്കുന്നു: ഞാൻ നബി(സ)യുടെ കൂടെ വാഹനത്തിന് പുറകിൽ ഇരിക്കുകയായിരുന്നു. അവിടുന്ന് എന്നെ വിളിച്ചു: അല്ലയോ മആദ് ബ്നു ജബൽ. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാൻ ഇവിടെയുണ്ട്. ഇതെന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. അവിടുന്ന് ചോദിച്ചു: മുആദ്, അല്ലാഹുവിന് ജനങ്ങളുടെ മേലുള്ള അവകാശം എന്താണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനുമാണ് അതറിയുക. അവിടുന്ന് അരുളി: ജനങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും അവനോട് ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ് അല്ലാഹുവിന് ജനങ്ങളോടുള്ള അവകാശം. തുടർന്ന് അവിടുന്ന് അല്പം മുന്നോട്ടു പോയി. എന്നിട്ട് വിളിച്ചു: അല്ലയോ മആദ് ബ്നു ജബൽ! ഞാൻ പറഞ്ഞു: ലബ്ബൈക് യാറസൂലുല്ലാഹ്. ഇതെന്റെ സൗഭാഗ്യമത്രേ. അവിടുന്ന് ചോദിച്ചു: ജനങ്ങൾക്ക് അല്ലാഹുവിന്റെ മേലുള്ള അവകാശം എന്താണെന്ന് അറിയാമോ? ഞാൻ പറഞ്ഞു:അല്ലാഹുവിനും അവന്റെ റസൂലിനുമാണ് അതറിയുക. അവിടുന്ന് അരുളി: അവൻ അവരെ ശിക്ഷിക്കാതിരിക്കുക എന്നതാണ് അത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി(സ)യെ പ്രകീർത്തിച്ചുകൊണ്ട് ഒരിടത്ത് അരുളുന്നു: വിശുദ്ധ ഖുർആൻ പ്രചരിപ്പിക്കാൻ റസൂൽ കരീം(സ) നിയോഗിക്കപ്പെട്ടു. അതുപോലെ തന്നെസുന്നത്ത് (പ്രവാചകചര്യ) നിലനിർത്താനും അവിടുന്ന് നിയോഗിക്കപ്പെടുകയുണ്ടായി. ഖുർആനെപ്പോലെത്തന്നെ കണ്ണിമുറിയാതെ തുടർന്നു പോരുന്ന അവിടുത്തെ തിരുചര്യകളും ദൃഢജ്ഞാനത്തിൽ അധിഷ്ഠിതമാണ്. ഈ രണ്ട് സേവനങ്ങളും അവിടുന്ന് സ്വന്തം കൈകളാൽ നിർവ്വഹിക്കുകയും അവ രണ്ടും തന്റെ കടമയായി കരുതുകയും

ചെയ്തു. നമസ്കരിക്കാൻ കൽപ്പന വന്നപ്പോൾ അല്ലാഹുവിന്റെ ആ വചനത്തെ അവിടുന്ന് തന്റെ പ്രവൃത്തിയിലൂടെ വിശദീകരിച്ചു നൽകി. ഫജ്ർ നമസ്കാരത്തിലും മഗ്രിബ് നമസ്കാരത്തിലും അതുപോലെ മറ്റു നമസ്കാരങ്ങളിലും ഇത്രയിത്ര റക്അത്തുകൾ ഉണ്ടെന്ന് പ്രായോഗികമായി കാണിച്ചുതന്നു. അതുപോലെ ഹജ്ജ് ചെയ്ത് കാണിച്ചു കൊടുക്കുകയും ആയിരക്കണക്കിന് സ്വഹാബികളെക്കൊണ്ട് അത് ചെയ്യിക്കുകയും വഴി ആ ചര്യയെ ശക്തമായി സ്ഥാപിക്കുകയും ചെയ്തു.

തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) എഴുതുന്നു: ഈ ഐച്ഛിക നമസ്കാരങ്ങളുടെ കാര്യത്തിൽ റസൂൽ (സ) എത്ര ശ്രദ്ധാലുവായിരുന്നുവെന്നാൽ അത് ഒരു ഐഛികകർമമായിരുന്നിട്ടും രാത്രിയിൽ അവിടുന്ന് നടന്നു നോക്കുമായിരുന്നു, ഏതൊക്കെ സ്വഹാബികളാണ് ഈ നമസ്കാരം നിർവ്വഹിക്കുന്നതെന്ന്. നഗരത്തിലെ തെരുവുവീഥികളിലൂടെ നടന്ന് ആരൊക്കെ തഹജ്ജുദ് നിർവഹിക്കാത്തതെന്നും അവിടുന്ന് പരിശോധിക്കുമായിരുന്നു.

ഹുസൂർ പറയുന്നു: ഇക്കാലത്ത് ഒരാളോട് നമസ്കാരത്തെക്കുറിച്ച് ചോദിച്ചാൽ ഇത് ഞങ്ങളുടെ വ്യക്തിപരമായ കാര്യമാണ് എന്നു പറഞ്ഞ് ദേഷ്യപ്പെടുന്നു. നബി(സ)തിരുമേനിയാകട്ടെ തഹജ്ജുദ് നമസ്കാരത്തിന്റെ കാര്യത്തിൽ പോലും ഇത്തരത്തിൽ പരിശോധന നടത്തുമായിരുന്നു.

ഒരിക്കൽ സദസ്സിൽ വച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ (റ) നെക്കുറിച്ച് പരാമർശമുണ്ടായപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: അദ്ദേഹം നല്ല മനുഷ്യൻ തന്നെയാണ്; പക്ഷേ തഹജ്ജുദ് നമസ്കരിക്കുകയാണെങ്കിൽ അത് കൂടുതൽ നന്നായിരുന്നു. പിന്നീട് നബി(സ) അരുളി: രാത്രി എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും തന്റെ ഭാര്യയെ വിളിച്ചുണർത്തുകയും ചെയ്യുന്ന ഭർത്താവിനോട് അല്ലാഹു കരുണ കാണിക്കട്ടെ. അവൾ ഉണരുന്നില്ലെങ്കിൽ അവളുടെ മുഖത്ത് വെള്ളം തളിച്ച് അവിടുന്ന് അവളെ ഉണർത്തട്ടെ. അതുപോലെ രാത്രി എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും ഭർത്താവിനെ വിളിച്ചുണർത്തുകയും ചെയ്യുന്ന ഭാര്യയോടും അല്ലാഹു കരുണ കാണിക്കട്ടെ; അദ്ദേഹം ഉണരുന്നില്ലെങ്കിൽ മുഖത്ത് വെള്ളം തളിച്ച് അവൾ അദ്ദേഹത്തെ ഉണർത്തട്ടെ.

നമസ്കാരങ്ങൾ വികാരസാന്ദ്രമാകുക എന്നതും വളരെ പ്രധാനമാണ്. അതിനായി മനുഷ്യൻ പരിശ്രമിക്കണം. ഇതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) നല്കിയ ഒരു നിർദ്ദേശം കരയുന്നതുപോലെയുള്ള ഭാവം സ്വയം സംജാതമാക്കുക എന്നതാണ്. പ്രസ്തുത ഭാവം ഹൃദയത്തെ സ്വാധീനിക്കുകയും അങ്ങനെ അത് വികാരസാന്ദ്രമാകുകയും ചെയ്യും.

നബി(സ)ഉറങ്ങാൻ നേരത്ത് ആയത്തുൽ കുർസിയും ഖുർആനിലെ അവസാന മൂന്ന് സൂറത്തുകളായ സൂറത്തുൽ ഇഖ്ലാസ്, സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ് എന്നിവയും മൂന്ന് തവണ ചൊല്ലി കൈകളിൽ ഊതുകയും, തുടർന്ന് കൈകൾ ശരീരമാസകലം തടവുകയും ചെയ്യുമായിരുന്നു. തലയിൽ നിന്ന് ആരംഭിച്ച് ശരീരത്തിൽ എവിടെയൊക്കെ കൈകൾ എത്തുമോ അവിടെയെല്ലാം അവിടുന്ന് തടകവുമായിരുന്നു.

ചില ആളുകൾ എനിക്ക് കത്തുകൾ എഴുതാറുണ്ട്; ഞങ്ങളിൽ നന്മകൾ സംജാതമാകാനും പാപങ്ങൾ നീങ്ങാനും കാര്യസിദ്ധി കൈവരിക്കാനും ദൈവസാമീപ്യം ലഭിക്കാനുമായി ചെറിയ വല്ല പ്രാർത്ഥനയോ ദിക്റോ പറഞ്ഞു തരാമോ എന്ന് അവർ ചോദിക്കുന്നു. ഇതിൽ ഒന്നാമത്തെ കാര്യം ആരാധനയാണ്, അതായത് നിർബന്ധ നമസ്കാരങ്ങൾ.ശേഷം നവാഫിലുകൾ. ദൈവസ്മരണ മനുഷ്യനെ നന്മകളിലേക്ക് നയിക്കും, അതോടൊപ്പം ഉന്നത ധാർമികഗുണങ്ങംസ്വഭാവവും സൽക്കർമ്മങ്ങളും മുറുകെപിടിക്കേണ്ടത് അനിവാര്യമാണ്.

നബി(സ) പദരക്ഷകൾ ധരിച്ചുകൊണ്ട് നമസ്കരിച്ചിരുന്നുവെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അതായത് എളുപ്പമായ സംഗതി അവലംബിക്കേണ്ടിടത്ത് തിരുമേനി(സ) അത് ചെയ്തിരുന്നു. പാദരക്ഷകൾ വൃത്തിയുള്ളതും നില്ക്കുന്നിടം അശുദ്ധമായ വല്ലതും പുരളാൻ സാധ്യതയുള്ളതുമാണെങ്കിൽ പാദരക്ഷകൾ

ധരിച്ച് നമസ നമസ്കരിക്കാവുന്നതാണ്. ഇപ്രകാരം പ്രവർത്തിച്ചു കാണിച്ചതിലൂടെ റസൂൽ (സ)ഉമ്മത്തിന് വലിയൊരു അനുഗ്രഹമാണ് നൽകിയത്; ഭാവിയിൽ വരാനിരിക്കുന്ന അനാവശ്യമായ കാർക്കശ്യങ്ങളിൽ നിന്നും നാട്യങ്ങളിൽ നിന്നും അവിടുന്ന് അവരെ രക്ഷിച്ചു.

നബിതിരുമേനി (സ) ജമാഅത്തായുള്ള നമസ്കാരത്തിന് എത്രത്തോളം പ്രാധാന്യം നൽകിയിരുന്നുവെന്നാൽ, ഒരിക്കൽ അന്ധനായ ഒരു സ്വഹാബി അവിടുത്തെ സന്നിധിയിൽ വന്ന് ഇപ്രകാരം അപേക്ഷിച്ചു: യാ റസൂലല്ലാ, എന്റെ വീട് പള്ളിയിൽ നിന്ന് വളരെ അകലെയാണ്. പള്ളിയിലെത്താൻ എനിക്ക് വലിയ പ്രയാസമുണ്ട്. അതുകൊണ്ട് മഴയുള്ള ദിവസങ്ങളിൽ വീട്ടിൽ തന്നെ നമസ്കരിക്കാൻ അങ്ങ് അനുവാദം നൽകിയാലും. നബി(സ) അരുളി: ശരി, വീട്ടിൽ തന്നെ നമസ്കരിച്ചു കൊള്ളുക. എന്നാൽ അദ്ദേഹം അവിടെ നിന്ന് പോയി അല്പം കഴിഞ്ഞപ്പോൾ അവിടുന്ന് സ്വഹാബികളോട് പറഞ്ഞു: അദ്ദേഹത്തെ ഒന്ന് തിരികെ വിളിക്കൂ. അദ്ദേഹം മടങ്ങിവന്നപ്പോൾ അവിടുന്ന് ചോദിച്ചു: നിന്റെ വീട്ടിൽ ബാങ്ക് വിളി കേൾക്കാറുണ്ടോ?. അദ്ദേഹം പറഞ്ഞു: അതേ യാ റസൂലല്ലാ, ബാങ്ക് ശബ്ദം എത്താറുണ്ട്. അപ്പോൾ അവിടുന്ന് അരുളി: ബാങ്ക് ശബ്ദം നിന്റെ വീട്ടിൽ എത്തുന്നെങ്കിൽ നീ പള്ളിയിൽ തന്നെ വരണം.

അല്ലാഹു നമുക്ക് ആരാധനയുടെ കടമകൾ നിറവേറ്റാനും നബിതിരുമേനിയുടെ മാതൃക പിൻപറ്റാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 06.02.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516